# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5036** **30/06/2014-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവു പ്രകാരമുള്ള ആനുകൂല്യങ്ങളാണ് ഫിഷറീസ് വകുപ്പിൽ നിന്നും നൽകി വരുന്നത്. എയ്ഡഡ് സ്ഥാപനങ്ങളിൽ നഴ്സറി സ്കൂൾ മുതൽ 10-ാം ക്ലാസ് വരെയും, +1, +2, വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് സ്പെഷ്യൽ ഫീസ് എന്നിവയും നൽകുന്നതാണ്. സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റിയിൽ അംഗീകരിച്ച ഡിപ്ലോമ/ ഡിഗ്രി/പി.ജി/പ്രൊഫഷണൽ കോഴ്സുകൾക്കും സർക്കാർ അംഗീകരിച്ച നിരക്കിലുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു. പഠിക്കുന്ന സ്ഥാപനം വക ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും മെസ് അലവൻസും നൽകി വരുന്നു. |
| (ബി) ഈ ആനുകൂല്യങ്ങൾ പരിഗണിക്കുന്നതിന് എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫാറം തയ്യാറാക്കി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവികളുടെ ശുപാർശയോടു കൂടി മത്സ്യത്തൊഴിലാളി ആണെന്ന് തെളിയിക്കുന്ന സാക്ഷിപത്രം ഉൾപ്പെടെ ജില്ലാ ഫിഷറി ഓഫീസർക്ക് സമർപ്പിക്കുകയാണ് ആനുകൂല്യങ്ങൾ ലഭിക്കേണ്ട നടപടിക്രമം. |
| (സി) സ്വകാര്യ - അൺ എയ്ഡഡ് - സ്വാശ്രയ സ്ഥാപനങ്ങളിലും വിദേശത്തും പഠനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | സ്വകാര്യ-അൺ എയ്ഡഡ് - സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സംഗ്രാന്റ് സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകി വരുന്നു. |

സെക്ഷൻ ആഫീസർ